**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 794 — 10.06.2019-ൽ മറുപടിക്ക്

## പട്ടികവിഭാഗക്കാരുടെ സാമൂഹ്യ ഉന്നമനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി.പി.സജീന്ദ്രൻ : | | എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | കഴിഞ്ഞ അറുപത് വർഷങ്ങളിലായി സംസ്ഥാനം ഭരിച്ച വിവിധ സർക്കാരുകൾ നടപ്പിലാക്കിയ വിവിധ പദ്ധതികളിലൂടെ സംസ്ഥാനത്തെ പട്ടിക വിഭാഗക്കാരുടെ സാമൂഹ്യ പിന്നോക്കാവസ്ഥയിൽ ഉണ്ടായിട്ടുള്ള ഉന്നമനം സംബന്ധിച്ച് വകുപ്പ് തലത്തിൽ എന്തെങ്കിലും പഠനം നടത്തി യിട്ടുണ്ടോ; വിശദാംശം നൽകുമോ; | എ) | പട്ടികവർഗ്ഗക്കാരുടെ സാമൂഹിക സാമ്പത്തിക ഉന്നമനം വിലയിരുത്തുന്നതിനായി സമഗ്ര സാമൂഹിക സാമ്പത്തിക സർവെ പട്ടിക വർഗ്ഗ വികസന വകുപ്പ് നടത്തുകയും 2013-ൽ റിപ്പോർട്ട് പുറത്തിറക്കുകയും ചെയ്തു. 2018-19 സാമ്പത്തിക വർഷം പുതുതായി സാമൂഹിക സാമ്പത്തിക സർവെ ആരംഭിച്ചു. സർവെ നടപടികൾ അവസാന ഘട്ടത്തിലാണ്.<br><br>പട്ടിക ജാതി വിഭാഗങ്ങളുടെ പിന്നാക്ക അവസ്ഥയെ സംബന്ധിച്ച് പഠനം നടത്തുന്നത് സർക്കാർ പരിഗണനയിലാണ്. |
| ബി) | പട്ടികവിഭാഗക്കാർക്ക് ആൾ ഇന്ത്യ സിവിൽ സർവ്വീസിലും ജുഡീഷ്യൽ സർവ്വീസിലും പ്രവേശനം ലഭിക്കുവാൻ പ്രത്യേകപരിശീലനം നൽകുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; ഇതിന്റെ പ്രയോജനം വിലയിരുത്തിയിട്ടുണ്ടോ; | ബി) | പട്ടികവിഭാഗക്കാർക്ക് ആൾ ഇന്ത്യാ സിവിൽ സർവ്വീസിൽ പ്രവേശനം ലഭിക്കുവാൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റിയിൽ കേരള സംസ്ഥാന സിവിൽ സർവ്വീസ് അക്കാദമി മുഖേന പരിശീലനം നടത്തിവരുന്നുണ്ട്. അക്കാദമി നടത്തുന്ന പ്രാഥമിക പരീക്ഷയിൽ പാസാകുന്ന പട്ടികജാതി/പട്ടിക വർഗ്ഗക്കാർക്ക് ഒരു വർഷം പരിശീലനം ലഭ്യമാക്കുന്നു. അപേക്ഷ മാർച്ച് മാസത്തിൽ ക്ഷണിക്കുന്നു. ഫീസിനു പുറമെ പ്രതിമാസം 6000 രൂപ സ്റ്റൈപൻഡും നൽകുന്നുണ്ട്.<br><br>പട്ടികജാതി/പട്ടികവർഗ്ഗക്കാരായ യുവതീയുവാക്കൾക്ക് ജുഡീഷ്യൽ സർവ്വീസിൽ പ്രവേശനം ലഭിക്കുന്നതിലേയ്ക്കായി 'മുൻസിഫ് മജിസ്ട്രേറ്റ് പരീക്ഷാ പരിശീലനം' എന്ന ഒരു പത്തുമാസ കോഴ്സ് തിരുവനന്തപുരം ലോ കോളേജ് മുഖേന ഇപ്പോൾ നടത്തിവരുന്നുണ്ട്. 25 പട്ടികജാതി ഉദ്യോഗാർത്ഥി കൾക്കും 7 പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്കുമാണ് പരിശീലനം നൽകി വരുന്നത്. |

| | | | |
|---|---|---|---|
| സി) | വയനാട്ടിൽ നിന്നും ആദ്യമായി പട്ടിക വർഗ്ഗവിഭാഗത്തിൽപ്പെട്ട ഒരു യുവതിയ്ക്ക് ഐ.എ.എസ് ലഭിച്ചത് പ്രസ്തുത മേഖലയിലെ കുട്ടികളിൽ ഉണ്ടാക്കിയിട്ടുള്ള ഉണർവ് പ്രയോജനപ്പെടുത്തി അവരെ മുഖ്യധാരയിലേയ്ക്ക് എത്തിക്കുന്നതിന് പ്രത്യേക പരിശീലന പദ്ധതികൾ ആവിഷ്കരിക്കുമോ എന്ന് അറിയിക്കാമോ? | സി) | പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗ വിദ്യാർത്ഥികളുടെ സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം കൂടുതൽ കാര്യക്ഷമമാക്കുന്നതിലേയ്ക്കായി ICSETS മുഖേന പ്രവേശന പരീക്ഷ വഴി തെരഞ്ഞെടുക്കുന്ന മിടുക്കരായ 30 പേർക്ക് കേരളത്തിനകത്തുള്ള അവർ തെരഞ്ഞെടുക്കുന്ന മികച്ച സ്ഥാപനങ്ങളിൽ ചേർന്ന് പരിശീലനം നടത്തുന്നതിനായി 'ലക്ഷ്യ സ്കോളർഷിപ്പ്' എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ